ഉത്തരം

(എ)&(ബി) ഉണ്ട്. തിരുവനന്തപുരത്തുനിന്നും മംഗലാപുരത്തേയ്ക്ക് പോകുന്ന പരശുറാം എക്സ്പ്രസ് ജൂലൈ 1 മുതൽ കണ്ണൂരിൽ യാത്ര അവസാനിപ്പിക്കാൻ താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് മുഖ്യമന്ത്രി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ അധികൃതർ ഈ തീരുമാനം പിൻവലിക്കുകയും ചെയ്തു. പരശുറാം എക്സ്പ്രസ് മംഗലാപുരം വരെ തൽക്കാലം യാത്ര തുടരുമെന്നും ഓണത്തിനുശേഷം കാസർഗോഡ് യാത്ര അവസാനിപ്പിക്കാൻ താൽക്കാലികമായി തീരുമാനമെടുത്തിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

96 (1828) ട്രെയിൻ യാത്രാ ദുരിതത്തിനെതിരെ പ്രതിഷേധം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ യാത്രയുടെ ദുരിതത്തിനെതിരെ പ്രതിഷേധിച്ച എത്ര പേരുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അകാരണമായിട്ടാണ് ഇപ്രകാരം കേസ് എടുത്തിട്ടുള്ളതെന്ന വസ്തുത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനെതിരെ എന്തെങ്കിലും നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭാവിയിൽ അകാരണമായിട്ട് യാത്രക്കാരുടെമേൽ ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്യുന്നത് തടയുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് സംഭവങ്ങളിലായി 171-ഓളം പേരുടെ പേരിൽ മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അകാരണമായി കേസ് എടുത്തിട്ടില്ലെന്നും നിയമം ലംഘിച്ചതിനാലാണ് ഈ സംഭവങ്ങളിൽ കേസെടുത്തിട്ടുള്ളതെന്നുമാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്.

(സി) ബാധകമല്ല.

(ഡി) യാത്രക്കാരും റെയിൽവേ അധികൃതരും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ ഉതകുന്ന രീതിയിലുള്ള ഒരു ചർച്ച ഗതാഗതവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ റെയിൽവേ മാനേജരും പാസഞ്ചേഴ്സ് അസോസിയേഷന്റെ പ്രതിനിധികളുമായി നടത്തിയിട്ടുണ്ട്.

97 (1829) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly